REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 02-07-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- ലോക്സഭയിൽ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി നടത്തിയ പ്രസംഗത്തിനെതിരെ BJP യുടെ കടുത്ത വിമർശനം.
- ദേശീയ ടെസ്റ്റിംഗ് ഏജൻസിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും കേന്ദ്രഗവൺമെന്റ് അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ക്ഷണിച്ചു.
- സംസ്ഥാനത്ത് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് മാർഗരേഖ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ്.
- പ്ലസ്വൺ സപ്ലിമെന്ററി അലോട്ട്മെന്റിന് രാവിലെ 10 മുതൽ ഓൺലൈനായി അപേക്ഷിക്കാം.
- ഇന്ത്യ-സിംബാബ്‌വെ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ മത്സരങ്ങൾ ശനിയാഴ്ച ഹരാരെയിൽ ആരംഭിക്കും

## വാർത്തകൾ വിശദമായി

ലോക്സഭയിൽ ഇന്നലെ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി നടത്തിയ പ്രസംഗം ഒരു പ്രത്യേക മതവിഭാഗത്തെ വിമർശിക്കുന്ന തരത്തിലായിരുന്നുവെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് കുറ്റപ്പെടുത്തി. പ്രതിപക്ഷ നേതാവെന്ന നിലയിൽ തികഞ്ഞ ഉത്തരവാദിത്വം പുലർത്തേണ്ട അദ്ദേഹം തികച്ചും നിരുത്തരവാദപരമായ തരത്തിലാണ് പ്രസംഗിച്ചതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

അഗ്നിവീർ പദ്ധതിയെ കുറിച്ച് രാഹുൽഗാന്ധി തെറ്റിദ്ധാരണ പരത്തുകയാണെന്നും ഡ്യൂട്ടിക്കിടെ ജീവൻ നഷ്ടമാകുന്ന അഗ്നിവീർ ജവാന്മാർക്ക് ഒരു കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുമെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് വ്യക്തമാക്കിയതാണെന്നും അശ്വനി വൈഷ്ണവ് അറിയിച്ചു. കോൺഗ്രസ്, ഭരണ ഘടനാ സ്ഥാപനങ്ങളുടെ അടിത്തറ തോണ്ടാനാണ് നിരന്തരം ശ്രമിക്കുന്നതെന്നും ലോക്സഭാസ്പീക്കറോട് പോലും രാഹുൽഗാന്ധി ബഹുമാനം പുലർത്തുന്നില്ലെന്നും വൈഷ്ണവ് ആരോപിച്ചു.

ലോക്സഭയിൽ ഒരു പ്രത്യേക സമുദായത്തെ കുറ്റപ്പെടുത്തി സംസാരിച്ച രാഹുൽ ഗാന്ധി മാപ്പു പറയണമെന്ന് കേന്ദ്രമന്ത്രിയും BJP ദേശീയ അധ്യക്ഷനുമായ JP നദ്ദയും ആവശ്യപ്പെട്ടു. അഞ്ചു തവണ MP യായിട്ടും രാഹുൽ പാർലമെന്ററി മാനദണ്ഡങ്ങൾ പഠിച്ചിട്ടില്ലെന്നും നദ്ദ ട്വിറ്ററിൽ കുറിച്ചു. കർഷകരെയും സായുധസനകളെയും ബാധിക്കുന്ന വിഷയങ്ങളിൽ പ്രതിപക്ഷനേതാവ് അവാസ്തവമായ കാര്യങ്ങളാണ് പറയുന്നതെന്നും നദ്ദ ആരോപിച്ചു.

✪✪✪

രാഹുൽഗാന്ധിയുടെ വിവാദ പരാമർശങ്ങൾക്കെതിരെ നടപടി ആവശ്യപ്പെട്ട് ലോക്സഭാ സ്പീക്കറെ സമീപിച്ചിട്ടുണ്ടെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. തെറ്റിദ്ധാരണാജനകമായ പരാമർശങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് രാഹുൽ ഗാന്ധിയ്ക്ക് ഒഴിഞ്ഞു മാറാനാകില്ലെന്നും റിജിജു പറഞ്ഞു.

✪✪✪

പാർലമെന്റിൽ ഒരു പ്രത്യേക മതവിഭാഗത്തെ അപമാനിച്ച കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി മാപ്പ് പറയണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് പരാജയത്തിന് ഒരു വിഭാഗത്തെ രാഹുൽ അധിക്ഷേപിക്കുകയാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ പറഞ്ഞു. വർഗ്ഗീയവാദികളെ പ്രീണിപ്പിക്കാനാണ് രാഹുൽഗാന്ധിയുടെ ശ്രമമെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി.

✪✪✪

ദേശീയ ടെസ്റ്റിംഗ് ഏജൻസിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും കേന്ദ്രഗവൺമെന്റ് അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ക്ഷണിച്ചു. ഡോ. K രാധാകൃഷ്ണൻ അധ്യക്ഷനായ ഉന്നതാധികാര സമിതിയ്ക്കാണ് നിർദ്ദേശങ്ങൾ നൽകേണ്ടതെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പരീക്ഷാപ്രക്രിയയുടെ പരിഷ്ക്കരണം, ഡാറ്റാ സെക്യൂരിറ്റി, ഏജൻസിയുടെ

പ്രവർത്തനവും പുനഃസംഘടനയും തുടങ്ങിയ വിഷയങ്ങളിൽ ഈ മാസം ഏഴു വരെ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

✪✪✪

UPSC സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷാഫലം പ്രഖ്യാപിച്ചു. യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ മെയിൻ പരീക്ഷയ്ക്കായി വിശദമായ അപേക്ഷ സമർപ്പിക്കണമെന്ന് UPSC അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട പ്രധാന തിയതികൾ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രത്യേക മാർഗരേഖ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ജനങ്ങളിൽ ഈ രോഗത്തെപ്പറ്റി അവബോധം ശക്തിപ്പെടുത്താൻ നിർദ്ദേശം നൽകുമെന്നും മന്ത്രി പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും, ഡൈവിംഗ് അടക്കം ജലവിനോദങ്ങളിൽ പങ്കെടുക്കുന്നതും പരമാവധി ഒഴിവാക്കണമെന്ന് വീണാ ജോർജ് നിർദ്ദേശിച്ചു. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പുവരുത്തണം. തിരുവനന്തപുരത്ത് ആരോഗ്യവകുപ്പിന്റെ ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നെഗ്ലേറിയ ഫൗലേറി എന്ന രോഗകാരിയായ അമീബ മൂക്കിലെയോ, ചെവിയിലെയോ നേർത്ത ആവരണത്തിലൂടെ ശരീരത്തിൽ കടന്ന് തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. കെട്ടിക്കിടക്കുന്നതും, മാലിന്യം കലർന്നതുമായ ജലാശയങ്ങളിലാണ് സാധാരണഗതിയിൽ ഇത്തരം അമീബയുടെ സാന്നിധ്യം ഉണ്ടാകുക. ചെവിയിൽ പഴുപ്പ് ബാധിച്ച കുട്ടികൾ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും കുളിക്കാൻ പാടില്ല. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരാത്ത ഈ രോഗം അതീവജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ്. പത്തു ലക്ഷത്തിൽ 2.6 പേർക്കു മാത്രമാണ് രോഗം ബാധിക്കുന്നത്. രോഗലക്ഷണങ്ങൾ കണ്ടെത്തിയാൽ ഉടൻ വിദഗ്ധ ചികിത്സ തേടണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

പ്ലസ്‌വൺ മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും, ഇതുവരെ അപേക്ഷിക്കുവാൻ കഴിയാതിരുന്നവർക്കും ഇന്ന് രാവിലെ 10 മുതൽ ഓൺലൈനായി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം. സീറ്റ് ലഭ്യതയും മറ്റ് വിവരങ്ങളും രാവിലെ ഒൻപതിന് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

വൊക്കേഷണൽ ഹയർസെക്കണ്ടറി സപ്ലിമെന്ററി അലോട്മെന്റിന് ഇന്നു മുതൽ വ്യാഴാഴ്ച വൈകിട്ട് നാലു വരെയും അപേക്ഷിക്കാം.

✪✪✪

കേരളത്തിൽ നിന്ന് തെരഞ്ഞെടുത്ത രാജ്യസഭാ അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. P.P സുനീർ, ജോസ് K മാണി, ഹാരിസ് ബീരാൻ എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്.

✪✪✪

യുനെസ്കോ ക്രിയാത്മക നഗര ശൃംഖലയിൽ പുതുതായി ഉൾപ്പെട്ട കോഴിക്കോട് അടക്കം നഗരങ്ങളുടെ സെഷൻ ഇന്ന് പോർച്ചുഗലിലെ ബ്രാഗ നഗരത്തിൽ നടത്തും. സ്വന്തം സാഹിത്യ - സാംസ്കാരിക പാരമ്പര്യങ്ങളെപ്പറ്റി ഓരോ നഗരത്തിന്റെയും അവതരണങ്ങൾ സെഷനിൽ ഉണ്ടായിരിക്കും. കോഴിക്കോടിനെ സംബന്ധിച്ച അവതരണത്തിൽ മേയർ ഡോ. ബീനാ ഫിലിപ്പ് സംസാരിക്കും.

✪✪✪

മലയോര പട്ടയ വിവര ശേഖരണത്തിൽ നിശ്ചിത സമയത്തിനകം അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ഈ മാസം 25 വരെ അപേക്ഷ നൽകാൻ റവന്യൂവകുപ്പ് അവസരം നൽകി. റവന്യൂ സെക്രട്ടേറിയറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ നൽകേണ്ട സമയ പരിധി നീട്ടിയത്. നേരത്തെ മാർച്ച് ഒന്ന് മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്കാണ് അവസരം നൽകുന്നത്. ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഈ സമയപരിധിക്കകം അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

സംസ്ഥാനതല വനമഹോത്സവത്തിന്റെ ഔപചാരിക ഉദ്ഘാടനം ഇന്ന് നടക്കും. തിരുവനന്തപുരത്ത് വനംവകുപ്പ് ആസ്ഥാനത്ത് ഉച്ചയ്ക്ക് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് വനമഹോത്സവത്തിന് ഇന്നലെ തുടക്കമായിരുന്നു. ഈ മാസം ഏഴുവരെയാണ് സംസ്ഥാനതല പരിപാടികൾ.

✪✪✪

**ഇന്ത്യ - സിംബാബ്‌വെ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ മത്സരങ്ങൾ ഈ മാസം ആറിന് ഹരാരെയിൽ ആരംഭിക്കും. അഞ്ച് മത്സര പരമ്പര ഈ മാസം 14 വരെയാണ്. ശുഭ്മാൻ ഗിൽ ആണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. സിക്കന്തർ റാസയാണ് സിംബാബ്‌വെ ക്യാപ്റ്റൻ.**

**VVS ലക്ഷ്മൺ ഇന്ത്യൻ ടീമിനൊപ്പം സിംബാബ്‌വെയിലേക്ക് പോകുമെന്ന് BCCI സെക്രട്ടറി ജയ് ഷാ ഇന്നലെ അറിയിച്ചു. ഇന്ത്യൻ ടീം പരിശീലകന്റെയും സെലക്ടറുടെയും നിയമനം ഉടൻ ഉണ്ടാകുമെന്നും ജയ്ഷാ പറഞ്ഞു.**

✪✪✪

**യൂറോ കപ്പ് ഫുട്ബോൾ പ്രീക്വാർട്ടറിൽ റുമാനിയ നെതർലാൻഡ്സുമായി ഇന്ന് ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി ഒൻപതരയ്ക്കാണ് മത്സരം. രണ്ടാമത്തെ മത്സരത്തിൽ രാത്രി പന്ത്രണ്ടരയ്ക്ക് ഓസ്ട്രിയ തുർക്കിയെയും നേരിടും.**

✪✪✪

**വ്യക്തികളുടെ മുഴുവൻ ആരോഗ്യ വിവരങ്ങളും ഡിജിറ്റലായി സൂക്ഷിക്കുന്ന ഇ-ഹെൽത്ത് പദ്ധതിക്ക് കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ തുടക്കമായി. ചികിത്സ വേഗത്തിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O.ശശിധരൻ.**

**............(വോയ്സ് )..........**

✪✪✪

**സംസ്ഥാനത്ത് ശക്തമായ മഴ സാധ്യത മുൻനിർത്തി ആറ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലാണ് മുന്നറിയിപ്പ്.**

**ഈ മാസം 5 വരെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.**

**കേരള - തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി പതിനൊന്നര വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.**

**കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 35 മുതൽ 55 വരെ കിലോമീറ്റർ വേഗത്തിൽ കാറ്റു വീശാൻ സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നാണ് നിർദ്ദേശം.**

✪✪✪

**മഴയുടെ തോത് കുറഞ്ഞതിനെ തുടർന്ന് തിരുവനന്തപുരം ജില്ലയിലെ ക്വാറി, ഖനന പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്ക് പിൻവലിച്ചു. വിനോദസഞ്ചാരം, കടലോര-കായലോര-മലയോര - ഗതാഗത നിരോധനം എന്നിവയും ജില്ലാകളക്ടർ പിൻവലിച്ചിട്ടുണ്ട്.**

✪✪✪

**സംസ്ഥാന ഹജ്ജ് കമ്മറ്റി വഴി തീർത്ഥാടനത്തിനു പോയവരിൽ ആദ്യസംഘം കരിപ്പൂർ വിമാനത്താവളത്തിൽ ഇന്നലെ മടങ്ങിയെത്തി. രണ്ട് വിമാനങ്ങളിലായി 327 പേരാണ് നാട്ടിലെത്തിയത്. ഹജ്ജ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഹാജിമാരെ സ്വീകരിച്ചു. നെടുമ്പാശ്ശേരിയിലും, കണ്ണൂരിലും ഈ മാസം പത്തു മുതലാണ് തീർത്ഥാടകർ മടങ്ങിയെത്തുന്നത്.**

✪✪✪

**കോഴിക്കോട്ടെ മാളിക്കടവ് – തണ്ണീർ പന്തൽ റോഡിന്റെ ശോച്യാവസ്ഥക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതി പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ K. ബൈജു നാഥ് ആവശ്യപ്പെട്ടു.**

✪✪✪